LIBRARY ARCHIVES Kerala Legislative Assembly

(14) സിമന്റ് പാത്ര നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി

ശ്രീ. സി. കെ. നാണു: സർ, വടകര നിയോജക മണ്ഡലത്തിലെ പാക്കയിൽ എന്ന പറയുന്ന പ്രദേശത്തെ മൂന്ന്-നാല് വാർഡുകളിലുള്ള ജനങ്ങൾ സ്വാതന്ത്ര്യസമ്പാദനത്തിനു മുമ്പുതൽതന്നെ, ഒരു കുടിൽ വ്യവസായം എന്നുള്ള നിലയ്ക്ക് സിമന്റ് പാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടുവരുന്നു. കേരളത്തിൽ മാത്രമല്ല കർണ്ണാടകത്തിലും തമിഴ്നാട്ടിലുമൊക്കെ ആദ്യകാലത്ത് അവർ സിമന്റ് പാത്രങ്ങൾ വിറ്റിരുന്നു. ആ പ്രദേശത്തുള്ള ചില ആളുകൾ പിന്നീട് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ സിമന്റ് പാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിരുന്നു. സിമന്റ് പാത്ര നിർമ്മാണത്തിന് പ്രധാനമായും ആവശ്യമുള്ളത് സിമന്റും മണലുമാണ്. ആവശ്യത്തിന് മണൽ ലഭിച്ചിരുന്ന കാലത്ത് ആ തൊഴിൽ നിർബാധം നടന്നുവന്നിരുന്നു. എന്നാൽ കുറച്ച് മാസങ്ങളായി സിമന്റ് പാത്ര നിർമ്മാണമേഖല സ്തംഭനത്തിലാണ്. അതിനുകാരണം അമിത വിലകൊടുത്ത് മണൽ വാങ്ങിയാൽ ഉദ്ദേശിച്ച വിലക്ക് പാത്രങ്ങൾ മാർക്കറ്റ് ചെയ്യാൻ സാധിക്കുന്നില്ല എന്നതാണ്. മണൽ എടുക്കുന്ന സ്ഥലം ഇവരുടെ പ്രദേശത്തിന് വളരെ അടുത്താണ്. ലോറിയിൽ കൊണ്ടുവരാതെതന്നെ തോണി വഴി അവരുടെ പ്രദേശങ്ങളിലേക്ക് മണൽ എത്തിക്കാനുള്ള സൗകര്യവുമുണ്ട്. അതുകൊണ്ട്, ഒരു പ്രദേശത്തുള്ള ആളുകൾ അവരുടെ ജീവസന്ധാരണത്തിനുവേണ്ടി പരമ്പരാഗതമായി ചെയ്തുവരുന്ന ഒരു കുടിൽ വ്യവസായം എന്നുള്ള നിലയ്ക്ക്, സാധാരണ മണൽ അനുവദിക്കുന്ന റേറ്റ് ഒഴിവാക്കി കുറഞ്ഞ വിലയ്ക്ക് മണൽ നല്കാനും അവരുടെ ജോലി സ്ഥലത്തേക്ക് തോണിയിൽ മണൽ എത്തിക്കാനുമുള്ള നടപടി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച് അനേകം കുടുംബങ്ങളെ രക്ഷിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിച്ചു കൊള്ളുന്നു. വളരെ മുമ്പുതന്നെ, ബഹുമാനപ്പെട്ട മന്ത്രി വടകരയിൽ വന്നപ്പോൾ അവർ മന്ത്രിക്ക് നിവേദനം നല്കിയതാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, വടകര മുനിസിപ്പാലിറ്റിയിൽ ഉൾപ്പെടുന്ന വടകര തുറമുഖത്ത് പരിസ്ഥിതി നിയമങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി തദ്ദേശവാസികളായ പരമ്പരാഗത മണൽ വാരൽ തൊഴിലാളികളുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കിയെടുക്കുന്നതിന് 16-8-2013-ലെ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് പൂർണ്ണമായും തദ്ദേശവാസികളായ മണൽ വാരൽ തൊഴിലാളികളാൽ രൂപീകൃതമായ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കാണ് പെർമിറ്റ് നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

സുതാര്യമായ ടെണ്ടർ നടപടികളിലൂടെ യോഗ്യതയുള്ള സഹകരണ സംഘങ്ങളെ തെരഞ്ഞെടുക്കുന്ന നടപടിയാണ് നിലവിലുള്ളത്. 17-8-2013 ലെ ടെണ്ടർ പ്രകാരം Vadakara Port Manual Dredging Workers Co-operative Society-യാണ് വടകരയിൽ മാന്വൽ ഡ്രഡ്ജിംഗ് നടത്തി വരുന്നത്. ഈ സംഘം ഡ്രഡ്ജ് ചെയ്യുമാറുന്ന മണൽ ആവശ്യക്കാർക്ക് ഓൺലൈനായി ബുക്ക് ചെയ്യുന്നതിനുള്ള സംവിധാനം ലഭ്യമാണ്. ഇത്തരം ബുക്കിംഗിലൂടെ മണൽ ലഭിക്കുന്നവർക്ക് നിയമാനുസൃതമായ തുക കൊടുത്ത് കടവുകളിൽനിന്നും മണൽ വാങ്ങാവുന്നതാണ്. ടെണ്ടർ നടപടികളിലൂടെ നിശ്ചയിക്കുന്ന തുകയാണ് ഓരോ തുറമുഖത്തേയും മണലിന്റെ വില്പന വില. ഇത് സംസ്ഥാന തുറമുഖ വകുപ്പിന് കീഴിലുള്ള എല്ലാ തുറമുഖങ്ങൾക്കും ബാധകമാണ്. ഇത്തരത്തിൽ നിശ്ചയിക്കുന്ന തുകയിൽ ഇളവ് വരുത്തുന്നതിന് തുറമുഖ വകുപ്പിന് അധികാരമില്ല. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിർദ്ദേശമനുസരിച്ച് അടുത്ത വർഷത്തേക്കുള്ള ടെണ്ടർ നടപടികൾ 31-12-2014-നകം പൂർത്തിയാക്കേണ്ടതുണ്ട്. നിലവിൽ വടകരയിൽ രണ്ട് സോണുകൾ ഉണ്ടെങ്കിലും ഒരു സഹകരണ സംഘം മാത്രമാണ് മാന്വൽ ഡ്രഡ്ജിംഗിനായി യോഗ്യത നേടിയിരുന്നത്. ഗവൺമെന്റ് ഉത്തരവ് പ്രകാരവും ടെണ്ടർ നിബന്ധന പ്രകാരവും യോഗ്യതയുള്ളപക്ഷം ഒരു സൊസൈറ്റിക്കുകൂടി വടകരയിൽ മാന്വൽ ഡ്രഡ്ജിംഗിന് അനുമതി നൽകുവാൻ സാധിക്കുന്നതാണ്. തുറമുഖത്തുനിന്നും ഡ്രഡ്ജിംഗ് ചെയ്തുകൊണ്ട് പോകുന്ന പദാർത്ഥങ്ങളുടെ അളവ് ഉറപ്പുവരുത്തുന്നതിന് ഓൺലൈൻ ബുക്കിംഗ്, വാഹന പാസ്സ് എന്നിവ പരിശോധിക്കേണ്ടതാണ്. ഓൺലൈൻ ബുക്കിംഗോ വാഹന പാസ്സോ ഇല്ലാതെ ഡ്രഡ്ജ് ചെയ്ത മണൽ തോണികൾ വഴി ഇവിടെ നേരിട്ട് വിൽപ്പന നടത്തുന്നത് പരിശോധിക്കാനുള്ള സംവിധാനം നിലവിൽ വടകര തുറമുഖത്തിനില്ല. അതിനാൽ മറ്റ് തുറമുഖങ്ങളെപ്പോലെ കടവുകളിൽനിന്നും ബുക്കിംഗ്, വാഹന പാസ്സ് എന്നിവവഴി മണൽ ലഭ്യമാക്കി സിമന്റ് പാത്രങ്ങളും മറ്റും നിർമ്മിക്കുന്ന സൊസൈറ്റികൾക്ക് അത് ലഭ്യമാക്കുന്ന രീതിയിൽ മാറ്റം വരുത്തുവാൻ നിർവ്വാഹമില്ല. ഓരോ തുറമുഖങ്ങളിലും ടെണ്ടർ നടപടികളിലൂടെ നിശ്ചയിക്കപ്പെടുന്ന മണലിന്റെ വില്പന വില വാഹന പാസ്സ് ഉൾപ്പെടെയുള്ളതാണ്. ഇതാണ് ഔദ്യോഗികമായ മറുപടി. എന്നാൽ സിമന്റ് പാത്രനിർമ്മാണ തൊഴിലാളികളുടെ പ്രശ്നം അങ്ങ് ചൂണ്ടിക്കാണിച്ച സാഹചര്യത്തിൽ എന്ത് പ്രായോഗിക നടപടികൾ ഇക്കാര്യത്തിൽ സ്വീകരിക്കാൻ സാധിക്കുമെന്ന് പരിശോധിക്കുന്നതാണ്.